ചുരുക്കത്തിൽ

മൻ കീ ബാത്ത് കേട്ടില്ല; വിദ്യാർഥിക്ക് 100 രൂപ പിഴ

ഡെറാഡൂൺ

പ്രധാനമന്ത്രിയുടെ മൻ കീ ബാത്ത് കേൾക്കാത്തതിനെ തുടർന്ന് ഡെറാഡൂണിൽ സ്കൂൾ വിദ്യാർഥിയിൽനിന്ന് അധികൃതർ 100 രൂപ പിഴ ഈടാക്കി. നടപടിയെടുത്തത് മാനേജ്മെന്റ് സ്കൂൾ വാട്സ്ആപ് ഗ്രൂപ്പിലും പോസ്റ്റ് ചെയ്തു. സംഭവത്തിൽ നടപടിയെടുക്കണമെന്നാവശ്യപ്പെട്ട് നാഷണൽ അസോസിയേഷൻ ഫോർ പാരന്റ്സ് ആൻഡ് സ്റ്റുഡന്റ്സ് റൈറ്റ്സ് ദേശീയാധ്യക്ഷൻ ആരിഫ് ഖാൻ ഡെറാഡൂൺ ചീഫ് വിദ്യാഭ്യാസ ഓഫീസർക്ക് കത്തയച്ചു. മൂന്നുദിവസത്തിനുള്ളിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് വിദ്യാഭ്യാസവകുപ്പ് സ്കൂളിന് നോട്ടീസയച്ചു.

ഇഡബ്ല്യുഎസ് സംവരണം: പുനഃപരിശോധനാ ഹർജികൾ 9 ന് പരിഗണിക്കും

ന്യൂഡൽഹി

മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (ഇഡബ്ല്യുഎസ്) സംവരണം അനുവദിച്ച ഭരണഘടനാഭേദഗതി ശരിവച്ച വിധിക്ക് എതിരായ ഹർജികൾ സുപ്രീംകോടതി ചൊവ്വാഴ്ച പരിഗണിക്കും. ഭരണഘടനയുടെ 103–ാം ഭേദഗതിയുടെ നിയമസാധുത 2022 നവംബറിൽ സുപ്രീംകോടതിയുടെ അഞ്ചംഗബെഞ്ച് 3:2 ഭൂരിപക്ഷത്തിലാണ് ശരിവച്ചത്. ഇത് നിയമവിരുദ്ധമാണെന്ന് വാദിക്കുന്ന പുനഃപരിശോധനാ ഹർജികൾ ചീഫ്ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ അഞ്ചംഗ ബെഞ്ചാണ് പരിഗണിക്കുക.

മണിപ്പുരിലും ‘ഇരട്ട എൻജിൻ’ പരാജയം

- ആഴ്ചകൾക്കുമുമ്പേ തുടങ്ങിയ പൊട്ടിത്തെറി പരിഹരിക്കാതെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഷളാക്കി

പ്രത്യേക ലേഖകൻ

ന്യൂഡൽഹി

മണിപ്പുരിൽ ആഴ്ചകൾക്കുമുമ്പേ തലപൊക്കിയ അസ്വസ്ഥതകൾ പരിഹരിക്കാതെ വഷളാക്കിയത് ബിജെപി നേതൃത്വത്തിലുള്ള കേന്ദ്ര– സംസ്ഥാന സർക്കാരുകൾ.

ഭരണനേതൃത്വം സംസ്ഥാനത്ത് ധ്രുവീകരണം സൃഷ്ടിക്കുകയാണെന്ന് ആരോപിച്ച് ഒരുവിഭാഗം എംഎൽഎമാർ നേരത്തെ ഡൽഹിയിൽ എത്തി. മുഖ്യമന്ത്രി ബീരൻ സിങ്ങിനെ മാറ്റണമെന്ന് ബിജെപി ദേശീയനേതൃത്വത്തോട് ആവശ്യപ്പെട്ടുവെങ്കിലും ആരും ചെവിക്കൊണ്ടില്ല. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആഭ്യന്തര മന്ത്രി അമിത് ഷായും കർണാടക തെരഞ്ഞെടുപ്പിന്റെ ആലോചനകളിലായിരുന്നു. കലാപത്തിൽ മണിപ്പുർ കത്തിയെരിയുമ്പോഴും ഇരുവരും കർണാടകത്തിൽ പ്രചാരണത്തിരക്കിലായിരുന്നു. വെള്ളിയാഴ്ചയാണ് പരിപാടികൾ വെട്ടിച്ചുരുക്കി അമിത് ഷാ ഡൽഹിയിലേക്ക് മടങ്ങിയത്. മ്യാന്മറുമായി ദീർഘമായ അതിർത്തിയുള്ള തന്ത്രപ്രധാന സംസ്ഥാനമായ മണിപ്പുരിൽ സമാധാനം കാത്തുസൂക്ഷിക്കുന്നതിൽ ‘ഇരട്ട എൻജിൻ’ സർക്കാരുകൾ ഒരേപോലെ വീഴ്ച വരുത്തി. ദേശീയ സുരക്ഷാ ഏജൻസികളും പരാജയമായി.

മണിപ്പുർ ജനസംഖ്യയുടെ 65 ശതമാനത്തോളം വരുന്ന മെയ്ത്തീ സമുദായത്തിന് പട്ടികവർഗ പദവി നൽകാനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമമാണ് കലാപത്തിന് വഴിയൊരുക്കിയത്. പ്രധാന താഴ്വരയിൽ അധിവസിക്കുന്ന മെയ്ത്തീ സമുദായക്കാർ രാഷ്ട്രീയത്തിലും ഇതരമേഖലകളിലും പ്രബലരാണ്. 60 അംഗ നിയമസഭയിലെ 40 പേരും ഈ സമുദായത്തിൽനിന്നുള്ളവരാണ്. ഹിന്ദു പട്ടികജാതി, ഒബിസി വിഭാഗങ്ങളിൽപ്പെടുന്നവരാണ് മെയ്ത്തീ സമുദായത്തിലെ ഭൂരിപക്ഷം പേരും. സർക്കാർ നീക്കത്തെ കുക്കി, നാഗ ഗോത്രങ്ങൾ എതിർക്കുന്നു. മെയ്ത്തീ സമുദായത്തിന് പട്ടികവർഗ പദവി നൽകുന്നത് ഉടൻ പരിഗണിക്കാൻ മണിപ്പുർ ഹൈക്കോടതി കഴിഞ്ഞമാസം ഉത്തരവിട്ടിരുന്നു. സംരക്ഷിത വനമേഖലകളിൽനിന്ന് ഗോത്രവർഗക്കാരെ സംസ്ഥാന സർക്കാർ ഒഴിപ്പിക്കുന്നതും സംഘർഷം ആളിക്കത്തിച്ചു.

ആൾട്ട് ന്യൂസ് സ്ഥാപകന് വധഭീഷണി; 16 ട്വിറ്റർ ഉപയോക്താക്കൾക്കെതിരെ കേസ്

- സുബൈറിന്റെ വീട്ടിലേക്ക് പന്നിയിറച്ചി പാർസൽ അയച്ചു

ബംഗളൂരു

മോദിസർക്കാരിന്റെ കണ്ണിലെ കരടായ ആൾട്ട് ന്യൂസ് സ്ഥാപകൻ മുഹമ്മദ് സുബൈറിനെതിന് സാമൂഹ്യമാധ്യമങ്ങളിലൂടെ വധഭീഷണി. സുബൈറിന്റെ വീട്ടിലേക്ക് പന്നിയിറച്ചി കൊറിയർ അയച്ചു. സുബൈർപരാതിപ്പെട്ടതിനെ തുടർന്ന് 16 ട്വിറ്റർ ഉപയോക്താക്കൾക്കെതിരെ ബംഗളൂരു പൊലീസ് കേസെടുത്തു.

സുബൈറിന്റെ മേൽവിലാസം ചിലർ ട്വിറ്ററിലൂടെ വെളിപ്പെടുത്തിയിരുന്നു. റംസാൻ ഉത്സവവേളയിൽ സൈബർ ഹണ്ട്സ് എന്ന ട്വിറ്റർ ഉപയോക്താവ് പെറ്റ്ഫുഡ് വെബ്സൈറ്റ് വഴിവീട്ടിലേക്ക് പന്നിയിറച്ചി പാർസൽ അയച്ചതായി സുബൈർ വെളിപ്പെടുത്തി.

സുബൈറിന്റെ വീട്ടിലേക്ക് പന്നിയിറച്ചി കൊറിയർ അയച്ച കാര്യം കഴിഞ്ഞ ഏപ്രിൽ ഒമ്പതിന് ഇവർ സമൂഹമാധ്യമത്തിൽ വെളിപ്പെടുത്തി. ഈ ട്വിറ്റ് പിന്നീട് പിൻവലിച്ചു.

സൊറബയിൽ കുടുംബപ്പോര്

- മുൻ മുഖ്യമന്ത്രി എസ് ബംഗാരപ്പയുടെ മക്കൾ ബിജെപി, കോൺഗ്രസ് സ്ഥാനാർഥികൾ

കുമാർ ബംഗാരപ്പ

മധു ബംഗാരപ്പ

അനീഷ് ബാലൻ

ശിവമോഗ

മെയ് 10
കർണാടക തെരഞ്ഞെടുപ്പ്

സൊറബ മണ്ഡലത്തിൽ കർണാടക മുൻ മുഖ്യമന്ത്രി എസ് ബംഗാരപ്പയുടെ മക്കൾ വീണ്ടും ഏറ്റുമുട്ടുന്നു. സിറ്റിങ് എംഎൽഎയായ കുമാർ ബംഗാരപ്പയാണ് ബിജെപി സ്ഥാനാർഥി. ജെഡിഎസ് വിട്ട് കോൺഗ്രസിൽ എത്തിയ മധു ബംഗാരപ്പയും മത്സരരംഗത്തുണ്ട്. എസ് ബംഗാരപ്പയുടെ ഛായാ ചിത്രം പതിച്ച പ്രചാരണ വാഹനങ്ങളിലാണ് ബിജെപിയുടെയും കോൺഗ്രസിന്റെ സ്ഥാനാർഥികൾ വോട്ടുതേടുന്നത്. 1967 മുതൽ 1996 വരെ എസ് ബംഗാരപ്പ ഏഴു തവണ ജയിച്ച പിന്നാക്ക മണ്ഡലമാണ് സൊറബ. സംയുക്ത സോഷ്യലിസ്റ്റ് പാർടി സ്ഥാനാർഥിയായി തുടങ്ങിയ എസ് ബംഗാരപ്പ കോൺഗ്രസ്, ജനത പാർടി, കർണാടക റവല്യൂഷണറി ഫ്രണ്ട് തുടങ്ങിയവയിൽ പ്രവർത്തിച്ചു. ബിജെപി, സമാജ്വാദി പാർടി, ജനതാദൾ എസ് ടിക്കറ്റിലും എസ് ബംഗാരപ്പ മത്സരിച്ചു. പിന്നീട് കർണാടക കോൺഗ്രസ് പാർടി രൂപീകരിച്ചു. 1996ൽ ദേശീയ രാഷ്ട്രീയത്തിലേക്ക് എസ് ബംഗാരപ്പ കളംമാറിയപ്പോൾ കർണാടക കോൺഗ്രസ് പാർടി സ്ഥാനാർഥിയായി മൂത്ത മകൻ കുമാർ ബംഗാരപ്പയെ രംഗത്തിറക്കി. കൂറുമാറ്റത്തിൽ അച്ഛന്റെ പാരമ്പര്യം കാത്തുസൂക്ഷിച്ച കുമാർ ബംഗാരപ്പ കോൺഗ്രസ് ടിക്കറ്റിലാണ് 1999ലും 2004ലും ജയിച്ചത്. എന്നാൽ, 2008ൽ സൊറബ ബിജെപി പിടിച്ചു. 2013ൽ കോൺഗ്രസ് ടിക്കറ്റിൽ വീണ്ടും കുമാർ ബംഗാരപ്പ മത്സരിച്ചു. ഈ ഘട്ടത്തിൽ ജെഡിഎസ് സ്ഥാനാർഥിയായി രംഗത്തെത്തിയ എസ് ബംഗാരപ്പയുടെ ഇളയമകനായ മധു ബംഗാരപ്പ ജയിച്ചു. കുമാർ ബംഗാരപ്പ മൂന്നാം സ്ഥാനത്തായി. 2018ൽ ബിജെപി സ്ഥാനാർഥിയായി മത്സരിച്ച കുമാർ ബംഗാരപ്പ ജയിച്ചു. മധു ബംഗാരപ്പ തോറ്റു. ഇത്തവണ ജെഡിഎസ് വിട്ട് മധു ബംഗാരപ്പ കോൺഗ്രസ് സ്ഥാനാർഥിയായി.

പിഎഫ്: കേന്ദ്ര തീരുമാനം സുപ്രീംകോടതി വിധിക്ക് വിരുദ്ധം

സ്വന്തം ലേഖകൻ

ന്യൂഡൽഹി

ഉയർന്ന പിഎഫ് പെൻഷൻ താൽപ്പര്യപ്പെടുന്നവർ ഫണ്ടിലേക്ക് അധികമായി അടയ്ക്കേണ്ട 1.16 ശതമാനം തൊഴിലുടമയുടെ വിഹിതത്തിൽനിന്ന് പിടിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം സുപ്രീംകോടതി ഉത്തരവിന് വിരുദ്ധം. നവംബറിലെ ഉത്തരവിൽ 1.16 ശതമാനം അധികവിഹിതം ജീവനക്കാരുടെ ശമ്പളത്തിൽനിന്ന് പിടിക്കരുതെന്ന് വ്യക്തമാക്കിയിരുന്നു. ജീവനക്കാരിൽനിന്ന് പെൻഷൻ ഫണ്ടിലേക്ക് വിഹിതം പിടിക്കുന്നത് പിഎഫ് നിയമത്തിന് വിരുദ്ധമാണെന്ന് കോടതി ചൂണ്ടിക്കാട്ടിയിരുന്നു. അതല്ലെങ്കിൽ നിയമത്തിൽ ഭേദഗതി കൊണ്ടുവരണമെന്നും കോടതി വ്യക്തമാക്കി. പകരം സംവിധാനം കണ്ടെത്താൻ ആറുമാസം സാവകാശവും കേന്ദ്രത്തിന് നൽകി. സമയപരിധി അവസാനിക്കുന്നതിന്റെ തലേന്നാണ് പുതിയ വിജ്ഞാപനം കേന്ദ്ര തൊഴിൽ മന്ത്രാലയം തിരക്കിട്ട് പുറപ്പെടുവിച്ചത്.

യഥാർഥത്തിൽ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിലേക്ക് പോകേണ്ട പണമാണ് പെൻഷൻ ഫണ്ടിലേക്ക് വഴിതിരിച്ചുവിടുന്നത്. അധികമായി പണമൊന്നും നൽകാത്തതിനാൽ തൊഴിലുടമകൾക്ക് സാമ്പത്തിക നഷ്ടമില്ല. ജീവനക്കാർക്കാണ് നഷ്ടം. ഫലത്തിൽ ജീവനക്കാരിൽനിന്ന് അധികവിഹിതം പിടിക്കുന്നതിന് തുല്യംതന്നെയാണ് ഇപ്പോഴത്തെ കേന്ദ്ര നടപടി. ജീവനക്കാരിൽനിന്ന് അധികവിഹിതം ഈടാക്കരുതെന്ന സുപ്രീംകോടതി നിർദേശത്തെ അട്ടിമറിക്കുന്നത് കൂടിയാണ് കേന്ദ്ര വിജ്ഞാപനം.

ലക്ഷ്യം കൂടുതൽ പേരെ പിന്തിരിപ്പിക്കൽ

ന്യൂഡൽഹി

അടിസ്ഥാനശമ്പളം 15,000 രൂപയ്ക്ക് മുകളിലാണെങ്കിൽ അധികമായി വരുന്ന തുകയുടെ 1.16 ശതമാനമാണ് കേന്ദ്ര വിജ്ഞാപന പ്രകാരം ഇനി തൊഴിലുടമയുടെ വിഹിതത്തിൽനിന്നും പെൻഷൻ ഫണ്ടിലേക്ക് പിടിക്കുക. 40,000 രൂപ അടിസ്ഥാന ശമ്പളമുള്ള ഒരു ജീവനക്കാരന് കേന്ദ്ര സർക്കാർ തീരുമാനത്തിലൂടെ പ്രതിമാസം 300 രൂപയ്ക്കടുത്ത് നഷ്ടം സംഭവിക്കും. മാത്രമല്ല, മുൻകാല പ്രാബല്യത്തോടെ നൽകുകയും വേണം. ഉയർന്ന പെൻഷൻ താൽപ്പര്യപ്പെടുന്നവരിൽനിന്നും ഈ തുക മുൻകാല പ്രാബല്യത്തോടെ പിടിക്കുമെന്നും കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം എത്രയായാലും 15,000 രൂപയുടെ 8.33 ശതമാനമായിരുന്നു ഇതുവരെ പെൻഷൻ ഫണ്ടിലേക്ക് പോയിരുന്നത്. ഉയർന്ന പെൻഷൻ ഓപ്ഷൻ നൽകുന്നതിൽനിന്നും കൂടുതൽ പേരെ പിന്തിരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കേന്ദ്രനീക്കമെന്ന വിമർശവും ശക്തമായി.

ഗുസ്തി താരങ്ങൾക്ക് പിന്തുണ

ഡൽഹിയിലേക്ക് കർഷക മാർച്ച്

- ദ്രോണാചാര്യയടക്കം കേന്ദ്രത്തിന് തിരിച്ചു നൽകുമെന്ന് ബിജെപി നേതാവ് മഹാവീർസിങ് ഫോഗട്ട്

സ്വന്തം ലേഖകൻ

ന്യൂഡൽഹി

പ്രായപൂർത്തിയാകാത്ത പെൺകുട്ടിയടക്കം ഏഴ് ഗുസ്തി താരങ്ങളെ ലൈംഗികാതിക്രമത്തിന് ഇരയാക്കിയെന്ന കേസിൽ പ്രതിയായ ഗുസ്തി ഫെഡറേഷൻ പ്രസിഡന്റും ബിജെപി എംപിയുമായ ബ്രിജ്ഭൂഷണെതിരായ സമരത്തിന് പിന്തുണയുമായി ഖാപ്പ് പഞ്ചായത്തുകളും കർഷകരും. ഞായറാഴ്ച ഡൽഹിയിലേക്ക് കർഷകർ മാർച്ച് പ്രഖ്യാപിച്ചു. മുസഫർനഗറിലെ സർവ്ഖാപ്പ് ആസ്ഥാനത്ത് നടന്ന യോഗത്തിലാണ് ഹരിയാന, യുപി, പഞ്ചാബ്, രാജസ്ഥാൻ സംസ്ഥാനങ്ങളിൽനിന്നുള്ള നേതാക്കൾ ഏകകണ്ഠമായി തീരുമാനം പ്രഖ്യാപിച്ചത്. ബ്രിജ്ഭൂഷണെ ജയിലിലടച്ച് താരങ്ങൾക്ക് നീതിയുറപ്പാക്കാത്തപക്ഷം ദേശീയ പാതകളടക്കം തടഞ്ഞ് ശക്തമായ സമരം തുടങ്ങും. സമരവേദിയിൽ മഹാപഞ്ചായത്ത് ചേരും.ഗുസ്തി താരങ്ങളെ ഡൽഹി പൊലീസ് ആക്രമിച്ച പശ്ചാത്തലത്തിലാണ് കർഷക മാർച്ച്.

പെൺകുട്ടികളെ സംരക്ഷിക്കുമെന്ന് പറയുന്ന ബിജെപി, വനിതാ താരങ്ങളെ തല്ലിച്ചതച്ചുവെന്ന് ഹരിയാന ധൻഖർ ഖാപ്പിന്റെ തലവൻ ഓം പ്രകാശ് ധൻഖർ പ്രതികരിച്ചു. പ്രക്ഷോഭം പ്രഖ്യാപിച്ചതോടെ നേതാക്കളെയും കർഷകരെയും അതിർത്തിയിൽ തടയാൻ പൊലീസ് നീക്കം തുടങ്ങി.

താരങ്ങൾക്ക് നീതിയുറപ്പാക്കുന്നില്ലെങ്കിൽ ദ്രോണാചാര്യ അടക്കമുള്ള പുരസ്കാരങ്ങൾ കേന്ദ്രത്തിന് തിരിച്ചു നൽകുമെന്ന് പരിശീലകൻ മഹാവീർസിങ് ഫോഗട്ട് പ്രഖ്യാപിച്ചു. നിലവിൽ ഹരിയാനയിലെ ബിജെപി നേതാവ് കൂടിയാണ് മഹാവീർ.

അതിനിടെ ദേശീയ ഒളിമ്പിക്സ് അസോസിയേഷൻ നിയമിച്ച കമ്മിറ്റി വെള്ളിയാഴ്ച ഗുസ്തി ഫെഡറേഷൻ പ്രവർത്തനങ്ങൾ ഏറ്റെടുത്തു

ഡൽഹിയിൽ മാധ്യമപ്രവർത്തകയെ പൊലീസ് ആക്രമിച്ചു

ന്യൂഡൽഹി

ജന്തർ മന്തറിലെ ഗുസ്തി സമരം റിപ്പോർട്ടുചെയ്യാനെത്തിയ മാധ്യമപ്രവർത്തകയെ ഡൽഹി പൊലീസ് ആക്രമിച്ച് വസ്ത്രം വലിച്ചുകീറിയെന്ന് ആക്ഷേപം. ബിബിസിയിലടക്കം പ്രവർത്തിച്ചിട്ടുള്ള സാക്ഷി ജോഷിയാണ് മെയ് മൂന്നിന് ആക്രമണത്തിന് ഇരയായത്. സമരക്കാർക്കുനേരെ ഉണ്ടായ ബലപ്രയോഗം ചിത്രീകരിക്കുന്നതിനിടെ വനിതാ പൊലീസ് തടഞ്ഞുവച്ചുവെന്ന് ഇവർ പറഞ്ഞു. പൊലീസ് അതിക്രമത്തെ പ്രസ് ക്ലബ് ഓഫ് ഇന്ത്യ, ഡൽഹി യൂണിയൻ ഓഫ് ജേർണലിസ്റ്റ്, വിമൺസ് പ്രസ് കോർ, നെറ്റ്വർക്ക് ഓഫ് വിമൺ ഇൻ മീഡിയ തുടങ്ങി സംഘടനകൾ രൂക്ഷമായ ഭാഷയിൽ അപലപിച്ചു.

ഭീകരവാദത്തിന്റെ ഇരകൾക്ക് ആസൂത്രകരുമായി ചർച്ച നടത്താനാകില്ലെന്ന് ജയ്ശങ്കർ

ഗോവയിൽ എസ്സിഒ സമ്മേളനത്തിനെത്തിയ പാകിസ്ഥാൻ വിദേശ മന്ത്രി ബിലാവൽ ഭൂട്ടോ സർദാരി കേന്ദ്രമന്ത്രി എസ് ജയ്ശങ്കറിനൊപ്പം

ന്യൂഡൽഹി

ഷാങ്ഹായ് സഹകരണ സംഘടന (എസ്സിഒ) വിദേശമന്ത്രിമാരുടെ ഗോവയിൽ നടന്ന സമ്മേളനത്തിൽ കൊമ്പുകോർത്ത് ഇന്ത്യയും പാകിസ്ഥാനും. അധ്യക്ഷപ്രസംഗത്തിലടക്കം പാകിസ്ഥാനെതിരെ ഇന്ത്യൻ വിദേശമന്ത്രി എസ് ജയ്ശങ്കർ രൂക്ഷമായി വിമർശിച്ചു. ഭീകരവാദത്തിന്റെ ഇരകൾ അതിന്റെ ആസൂത്രകരുമായി ഒരുമിച്ചിരുന്ന് ഭീകരതയെക്കുറിച്ച് ചർച്ച ചെയ്യില്ലെന്ന് ജയ്ശങ്കർ പറഞ്ഞു. ഭീകരവാദ വ്യവസായത്തിന്റെ വക്താവാണ് പാകിസ്ഥാൻ വിദേശമന്ത്രി ബിലാവൽ ഭൂട്ടോയെന്നും ജയ്ശങ്കർ പ്രതികരിച്ചു.

370–ാം വകുപ്പ് റദ്ദാക്കി ജമ്മു കശ്മീരിന്റെ പ്രത്യേക പദവി ഇല്ലാതാക്കിയത് ചർച്ചകൾക്കുള്ള വഴിയടച്ചെന്ന് ബിലാവൽ ഭൂട്ടോ പ്രതികരിച്ചു. ചർച്ചയ്ക്കുള്ള സാഹചര്യം ഒരുക്കാൻ ഇന്ത്യ തയ്യാറാകണമെന്നും ബിലാവൽ ഭൂട്ടോ പറഞ്ഞു. റഷ്യ, ചൈന, കിർഗിസ്ഥാൻ, തജിക്കിസ്ഥാൻ, കസാക്കിസ്ഥാൻ, ഉസ്ബെക്കിസ്ഥാൻ രാജ്യങ്ങളുടെ വിദേശമന്ത്രിമാരും സമ്മേളനത്തിൽ പങ്കെടുത്തു.

പവാർ രാജി പിൻവലിച്ചു

സ്വന്തം ലേഖകൻ

ന്യൂഡൽഹി

ശരത് പവാർ

എൻസിപിയുടെ ദേശീയ പ്രസിഡന്റായി മുതിർന്ന നേതാവ് ശരത് പവാർ തന്നെ തുടരും. വെള്ളിയാഴ്ച മുംബൈയിൽ ചേർന്ന എൻസിപിയുടെ നേതൃയോഗം പവാറിന്റെ രാജി തള്ളിയുള്ള പ്രമേയം പാസാക്കി. തുടർന്ന് രാജിതീരുമാനത്തിൽനിന്ന് പിൻവാങ്ങിയതായി പവാർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ലോക്സഭാ തെരഞ്ഞെടുപ്പ് അടുത്തിരിക്കെ ദേശീയതലത്തിൽ മതനിരപേക്ഷ പ്രതിപക്ഷ പാർടികളുടെ ഐക്യത്തിനായി യത്നിക്കുമെന്നും പവാർ വ്യക്തമാക്കി.

മൂന്നുദിവസത്തെ അനിശ്ചിതത്വത്തിനൊടുവിലാണ് രാജി പ്രഖ്യാപനത്തിൽനിന്നുള്ള പവാറിന്റെ പിന്മാറ്റം. അനന്തരവൻ അജിത് പവാറിനെ സ്വാധീനിച്ച് എൻസിപിയെ പിളർത്താൻ ബിജെപി ശ്രമങ്ങൾ മുൻകൂട്ടി കണ്ടാണ് മെയ് രണ്ടിന് പവാർ അപ്രതീക്ഷിത രാജിപ്രഖ്യാപനം നടത്തിയത്. പുതിയ നേതാവിനെ കണ്ടെത്താൻ 18 അംഗ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ കമ്മിറ്റിയാണ് വെള്ളിയാഴ്ച യോഗം ചേർന്ന് രാജിപ്രഖ്യാപനം ഏകകണ്ഠമായി തള്ളിയത്. അജിത് പവാറും യോഗത്തിലുണ്ടായിരുന്നു. പവാറിന്റെ മകൾ സുപ്രിയ സുലെ, പ്രഫുൽ പട്ടേൽ, ഛഗൻ ഭുജ്ബൽ, ഏക്നാഥ് ഘഡ്സെ, ജയന്ത് പാട്ടീൽ, ദിലീപ് പാട്ടീൽ, പി സി ചാക്കോ, അനിൽ ദേശ്മുഖ് തുടങ്ങി മുതിർന്ന നേതാക്കളും പങ്കെടുത്തു. എൻസിപി പ്രവർത്തകർ മുംബൈയിലെ ഓഫീസിനുമുന്നിൽ പവാറിനായി മുദ്രാവാക്യം മുഴക്കി. ഒരാൾ ആത്മാഹുതി ശ്രമം നടത്തി.

രാഹുൽ ഗാന്ധി, സീതാറാം യെച്ചൂരി തുടങ്ങിയ നേതാക്കളും തന്നോട് തുടരാൻ അഭ്യർഥിച്ചിരുന്നുവെന്ന് പവാർ പറഞ്ഞു. അജിത് പവാർ വാർത്താസമ്മേളനത്തിന് എത്തിയില്ല.

അന്തർദേശീയം

യുകെ പ്രാദേശിക തെരഞ്ഞെടുപ്പിൽ ഭരണപക്ഷത്തിന് തിരിച്ചടി

ലണ്ടൻ

ഇംഗ്ലണ്ടിൽ പ്രാദേശിക തെരഞ്ഞെടുപ്പിൽ ഭരണപക്ഷമായ കൺസർവേറ്റീവ് പാർടിക്ക് വൻ തിരിച്ചടി. 230 കൗൺസിലുകളിലെ എണ്ണായിരത്തിൽപ്പരം സീറ്റുകളിലേക്കായിരുന്നു തെരഞ്ഞെടുപ്പ്. വെള്ളിയാഴ്ച വൈകിട്ടുവരെ 25 ശതമാനം സീറ്റുകളിലെ ഫലം പുറത്തുവന്നപ്പോൾ കൺസർവേറ്റീവ് പാർടിക്ക് ഇരുനൂറിലധികം സീറ്റ് നഷ്ടമായി.

പ്രതിപക്ഷത്തെ ലേബർ, ലിബറൽ പാർടികൾ മുന്നേറ്റമുണ്ടാക്കി. ലേബർ പാർടി പുതുതായി മൂന്ന് കൗൺസിലുകൾ പിടിച്ചെടുത്തു. രാജകുടുംബത്തിന്റെ വിൻഡ്സർ കൊട്ടാരം സ്ഥിതിചെയ്യുന്ന വിൻഡ്സർ കൗൺസിൽ കൺസർവേറ്റീവിൽനിന്ന് സെൻട്രിസ്റ്റ് പാർടിയായ ലിബറൽ ഡെമോക്രാറ്റ്സ് പിടിച്ചെടുത്തു.

മാറ്റത്തിനായുള്ള ജനങ്ങളുടെ ഇച്ഛയാണ് തെരഞ്ഞെടുപ്പുഫലങ്ങൾ സൂചിപ്പിക്കുന്നതെന്ന് ലേബർ പാർടി പ്രതികരിച്ചു. 2010 മുതൽ കൺസർവേറ്റീവ് പാർടി ഭരിക്കുന്ന രാജ്യം വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. ജീവിതം ദുസ്സഹമായതിനെ തുടർന്ന് വിവിധ മേഖലയിലെ തൊഴിലാളികൾ തുടർ പ്രക്ഷോഭങ്ങൾ നടത്തുന്നു. രാജ്യത്ത് വോട്ട് ചെയ്യാൻ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കിയ ആദ്യ തെരഞ്ഞെടുപ്പായിരുന്നു ഇത്. ലണ്ടൻ, സ്കോട്ട്ലൻഡ്, വെയ്ൽസ് എന്നിവിടങ്ങളിൽ വോട്ടെടുപ്പുണ്ടായില്ല. വടക്കൻ അയർലൻഡിൽ 18ന് തെരഞ്ഞെടുപ്പ് നടക്കും.

ഗർഭസ്ഥ ശിശുവിന് മസ്തിഷ്ക ശസ്ത്രക്രിയ

വാഷിങ്ടൺ

ലോകത്താദ്യമായി അമേരിക്കയിൽ ഗർഭസ്ഥ ശിശുവിന് മസ്തിഷ്ക ശസ്ത്രക്രിയ നടത്തി. തലച്ചോറിലെ രക്തക്കുഴലുകളുടെ തകരാറ് (വീനസ് ഓഫ് ഗാലൻ മാൽഫോർമേഷൻ) പരിഹരിക്കാനായിരുന്നു ശസ്ത്രക്രിയ.

കുഞ്ഞിന്റെ തലച്ചോറിൽനിന്ന് ഹൃദയത്തിലേക്ക് രക്തം പമ്പ് ചെയ്യുന്ന രക്തക്കുഴൽ ശരിയായി വികസിക്കാത്തതായിരുന്നു രോഗകാരണം. അൾട്രാ സൗണ്ട് പരിശോധനയിലാണ് തകരാറ് കണ്ടെത്തിയത്. ഇങ്ങനെ ജനിക്കുന്ന കുഞ്ഞുങ്ങളിൽ ഗുരുതര രോഗങ്ങൾക്ക് കാരണമാകുമെന്നതിനാലാണ് 34 ആഴ്ചയായപ്പോൾ ഗർഭപാത്രത്തിനുള്ളിൽ തന്നെ ശസ്ത്രക്രിയ നടത്താൻ തീരുമാനിച്ചത്.

ചാൾസിന്റെ കിരീടധാരണം ഇന്ന്

ലണ്ടൻ

King
Charles III

ചാൾസ് മൂന്നാമന് അഭിവാദ്യമർപ്പിച്ച് ബക്കിങ്ഹാം കൊട്ടാരത്തിന് പുറത്ത് എത്തിയവർ

ബ്രിട്ടനിലെ രാജാവായി ചാൾസ് മൂന്നാമന്റെ കിരീടധാരണം ശനിയാഴ്ച. ആംഗ്ലിക്കൻ സഭയുടെ ആസ്ഥാനമായ വെസ്റ്റ് മിനിസ്റ്റർ ആബിയിൽ പകൽ 11മുതലാണ് (ഇന്ത്യൻ സമയം പകൽ 3.30) ലോകനേതാക്കളടക്കം 2800 പേരെ സാക്ഷിയാക്കിയാണ് ചടങ്ങുകൾ. കാന്റർബറി ആർച്ച്ബിഷപ്പാണ് ചടങ്ങുകൾക്ക് നേതൃത്വം നൽകുക. ഇന്ത്യയിൽനിന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻകർ പങ്കെടുക്കും. ചാൾസിന്റെ ഭാര്യ കാമില്ലയുമായി അടുപ്പം പുലർത്തുന്ന മലയാളികളായ ഡോക്ടർ ദമ്പതികൾ ഡോ. ഐസക് മത്തായി നൂറനാൽ, ഡോ. സുജ, ഇന്ത്യൻ വംശജയും ബ്രിട്ടീഷ് എംപയർ മെഡൽ ജേതാവുമായ ഷെഫ് മഞ്ജു മൽഹി തുടങ്ങിയവരും ക്ഷണിക്കപ്പെട്ടവരുടെ പട്ടികയിലുണ്ട്.

രാവിലെ ബക്കിങ്ഹാം കൊട്ടാരത്തിൽനിന്നുള്ള ഘോഷയാത്രയ്ക്ക് പ്രധാനമന്ത്രി ഋഷി സുനകും ഭാര്യ അക്ഷത മൂർത്തിയും നേതൃത്വം നൽകും.

നിയമത്തെയും ആംഗ്ലിക്കൻ ചർച്ചിനെയും ഉയർത്തിപ്പിടിക്കുമെന്ന പ്രതിജ്ഞയാണ് ചാൾസ് ചൊല്ലുക. ചടങ്ങുകൾക്കുശേഷം ബക്കിങ്ഹാം കൊട്ടാരത്തിൽ ഉദ്യാനവിരുന്നുമുണ്ടാകും.

രാജ്ഞിയായിരുന്ന എലിസബത്ത് 2022 സെപ്തംബറിൽ മരിച്ചതോടെയാണ് മകൻ ചാൾസിന് രാജ പദവി ലഭിച്ചത്. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ രാജ്യത്ത് 1022 കോടി രൂപ ചെലവിട്ട് ചടങ്ങ് നടത്തുന്നതിനെതിരെ പ്രതിഷേധം ശക്തമാണ്. രാജഭരണം അവസാനിപ്പിക്കണമെന്നും രാജ്യത്ത് നടക്കുന്ന അവസാന കിരീടധാരണമായിരിക്കണം ചാൾസിന്റേതെന്നുമാണ് പ്രക്ഷോഭകരുടെ ആവശ്യം. ശനിയാഴ്ച ഘോഷയാത്ര കടന്നുപോകവെ ചാൾസ് ഒന്നാമൻ രാജാവിന്റെ പ്രതിമയ്ക്ക് മുന്നിൽ ഒത്തുകൂടി ‘നോട്ട് മൈ കിങ് (എന്റെ രാജാവല്ല) എന്ന് മുദ്രാവാക്യം ഉയർത്തുമെന്ന് റിപ്പബ്ലിക്കന്മാർ പ്രഖ്യാപിച്ചിട്ടുണ്ട്.

ചാൾസിനോട് ഗോത്രനേതാക്കൾ

വംശഹത്യക്ക് മാപ്പുപറയണം

മെൽബൺ

കോളനിവൽക്കരണത്തിന്റെ ഭാഗമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ബ്രിട്ടീഷ് സാമ്രാജ്യം നടത്തിയ വംശഹത്യകൾക്ക് മാപ്പുപറയണമെന്ന് ചാൾസ് മൂന്നാമനോട് ആവശ്യപ്പെട്ട് തദ്ദേശീയ ഗോത്ര നേതാക്കൾ. ബ്രിട്ടീഷ് രാജാവായി ശനിയാഴ്ച ചാൾസിന്റെ കിരീടധാരണം നടക്കാനിരിക്കെയാണ് 12 തദ്ദേശീയ വിഭാഗങ്ങളുടെ നേതാക്കൾ ഈ ആവശ്യമുന്നയിച്ച് കത്ത് എഴുതിയത്.

ആന്റിഗ്വ, ബാർബുഡ, ഓറ്റേറൂവ, ഓസ്ട്രേലിയ, ബഹാമാസ്, ബെലീസ്, ക്യാനഡ, ഗ്രനേഡ, ജമൈക്ക, പാപുവ ന്യൂ ഗിനിയ, സെയ്ന്റ് കിറ്റിസ് ആൻഡ് നെവിസ്, സെന്റ് ലൂസിയ, സെന്റ് വിൻസന്റ്, ഗ്രനഡൈൻസ് തുടങ്ങിയ ഇടങ്ങളിലെ തദ്ദേശീയ വിഭാഗക്കാരുടെ സംഘടനകളാണ് കത്തെഴുതിയത്. ബ്രിട്ടീഷ് സാമ്രാജ്യം ഇവയുൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ തദ്ദേശീയരെ അടിമകളാക്കുകയും കൊന്നുതള്ളുകയും ചെയ്തു. ഇതിന്റെ അനന്തരഫലങ്ങൾ അംഗീകരിച്ച് ചാൾസ് പ്രസ്താവനയിറക്കണം– കത്തിൽ ആവശ്യപ്പെട്ടു.

16–ാം നൂറ്റാണ്ടിൽ തുടങ്ങിയ ബ്രിട്ടീഷ് കോളനിവൽക്കരണം 1922 ആയപ്പോഴേക്കും ഉച്ചസ്ഥായിയിൽ എത്തിയിരുന്നു. ലോകത്തിന്റെ കാൽഭാഗത്തോളം കൈപ്പിടിയിലാക്കിയ ബ്രിട്ടീഷ് രാജഭരണം ഇത്തരത്തിൽ 45 കോടി ജനങ്ങളുടെ ജീവിതമാണ് കൈപ്പിടിയിൽ ഒതുക്കിയത്.

ഗോ ഫസ്റ്റിൽ പ്രതിസന്ധി രൂക്ഷം

ന്യൂഡൽഹി

ഗോ ഫസ്റ്റ് എയർലൈൻസ് സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ടതോടെ കമ്പനിക്ക് വായ്പ അനുവദിച്ച ബാങ്കുകൾ കടുത്ത ആശങ്കയിൽ. നാഷണൽ കമ്പനി ലോ ട്രിബ്യൂണലിൽ (എൻസിഎൽടി) ഗോ ഫസ്റ്റ് സമർപ്പിച്ച രേഖകളനുസരിച്ച് 6500 കോടി രൂപയ്ക്ക് മുകളിൽ വിവിധ ബാങ്കുകളിൽനിന്ന് കമ്പനി വായ്പയെടുത്തിട്ടുണ്ട്. കമ്പനി പാപ്പരത്വ നടപടിയിലേക്ക് നീങ്ങിയതോടെ കടംതിരിച്ചടവ് പ്രതിസന്ധിയിലായി.

തകരാറായവയ്ക്ക് പകരമുള്ള എൻജിനുകൾ അമേരിക്കൻ കമ്പനിയായ പ്രാറ്റ് ആൻഡ് വിറ്റ്നി നൽകാത്തതാണ് നിലവിലെ പ്രതിസന്ധിക്ക് കാരണമെന്നാണ് ഗോ ഫസ്റ്റ് അധികൃതരുടെ വാദം. പണം തിരിച്ചടവ് മുടങ്ങിയതിനാലാണ് എൻജിൻ നൽകാത്തതെന്ന് അമേരിക്കൻ കമ്പനി വ്യക്തമാക്കി.

മുപ്പത് വർഷത്തിനിടെ നിരവധി ചെറുകിട എയർലൈനുകളാണ് രാജ്യത്ത് തകർന്നത്.

ദമാനിയ എയർവേസ്, എൻഇപിസി എയർലൈൻസ്, എയർ ഡെക്കാൻ, എയർ സഹാറ, പാരാമൗണ്ട്, കിംഗ്ഫിഷർ, ജെറ്റ് എയർവേയ്സ് എന്നിവ ഇക്കൂട്ടത്തിലുണ്ട്.

ജെറ്റ് എയർവെയ്സിൽ സിബിഐ റെയ്ഡ്

മുംബൈ

ജെറ്റ് എയർവെയ്സ് ഓഫീസിലും സ്ഥാപകൻ നരേഷ് ഗോയലിന്റെയും ഭാര്യ അനിതയുടെയും വീട്ടിലുമടക്കം ഏഴിടങ്ങളിൽ സിബിഐ പരിശോധന. കനറ ബാങ്കിൽ 538 കോടി രൂപയുടെ തട്ടിപ്പു നടത്തിയ സംഭവവുമായി ബന്ധപ്പെട്ടായിരുന്നു സിബിഐ പരിശോധന.

ഗോയലിനും ഭാര്യ അനിതയ്ക്കും മുൻ ഡയറക്ടർ ഗൗരങ് ആനന്ദ ഷെട്ടിക്കുമെതിരെ കേസ് രജിസ്റ്റർ ചെയ്തു. ബാങ്ക് ജീവനക്കാരുടെ പേരിലും കേസുണ്ട്. കനറ ബാങ്ക് നൽകിയ പരാതിയെ തുടർന്നാണ് നടപടി. പണം വകമാറ്റി ബാങ്കിന് നഷ്ടമുണ്ടാക്കിയെന്നാണ് കേസ്.